കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പരവൂർ നഗരസഭ-മത്സ്യമാർക്കറ്റ് വികസനത്തിന് സ്ഥലമേറ്റെടുക്കലിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം. 3014/2013/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 7-12-2013

---

പരാമർശം : 1) 03/05/12 ലെ സ.ഉ.(എം.എസ്.) നം.182/12/റവന്യൂ

2)കൊല്ലം ജില്ലാ കളക്ടറുടെ 04/04/13 ലെ എൽ എ6 57890/2012 നമ്പർ കത്ത്

3)പരവൂർ മുനിസിപ്പാലിററി സെക്രട്ടറിയുടെ 31/05/2013-ലെ കത്ത്

<u>ഉത്തരവ്</u>

1) കൊല്ലം ജില്ലയിൽ പരവൂർ നഗരസഭയിൽ മത്സ്യമാർക്കറ്റ് വികസനത്തിനുവേണ്ടി കൊല്ലം താലൂക്കിൽ കോട്ടപ്പുറം വില്ലേജിൽ റി.സർവ്വേ 260/123, 260/124 എന്നിവയിൽപ്പെട്ട 28 സെന്റ് സ്ഥലം പരവൂർ നഗരസഭയ്ക്ക് പൊന്നുംവിലയ്ക്കെടുക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (2) പ്രകാരം കൊല്ലം ജില്ലാ കളക്ടർ സമർപ്പിച്ചിരുന്നു.

2) പ്രസ്തുത പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചു. റവന്യൂ വകുപ്പിന്റെ പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റേയും പരാമർശം (3)-ലെ ശുപാർശയുടേയും അടിസ്ഥാനത്തിൽ പരവൂർ നഗരസഭയിൽ മത്സ്യമാർക്കറ്റ് വികസനത്തിനുവേണ്ടി കോട്ടപ്പുറം വില്ലേജിൽ റി.സർവ്വേ 260/123, 260/124 എന്നിവയിൽപ്പെട്ട 28 സെന്റ് സ്ഥലം പരവൂർ നഗരസഭയ്ക്ക് പൊന്നുംവിലയ്ക്കെടുക്കുന്നതിനുള്ള ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) പരാമർശ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് യാതൊരു വിധ സാമ്പത്തിക ബാധ്യതയോ വ്യവഹാരങ്ങളോ സർക്കാർ ഏറ്റെടുക്കുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
കെ.കെ.രാജഗോപാലൻ നായർ
ഡെപ്യൂട്ടി സെക്രട്ടറി.

**To**

പ്രസിഡന്റ്/സെക്രട്ടറി, പരവൂർ നഗരസഭ, കൊല്ലം ജില്ല-691301
ജില്ലാ കളക്ടർ, കൊല്ലം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.